**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **15-10-2024 - ൽ മറുപടിയ്ക്ക്**

**ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലെ സ്വീകാര്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം ഉറപ്പുവരുത്തി അതിലൂടെ അന്താരാഷ്ട്ര വിപണിയിൽ സ്വീകാര്യത നേടിയെടുക്കുന്നതിന് സംരംഭകരെ പ്രാപ്തരാക്കുന്നതിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്, കേരളത്തിൽ നിർമ്മിക്കുന ഉത്പന്നങ്ങൾ/ നൽകുന്ന സേവനങ്ങള എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാര കൊണ്ടുവരികയും, അതുവഴി ഇ ഉത്പന്നങ്ങൾക്ക്/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ വിപണന സാധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേര സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ കേരള ബ്രാൻഡ്. ഉയർന്ന ഗുണനിലവാരം ധാർമ്മികത, ഉത്തരവാദിത്വപ രമായ വ്യാവസായിക രീതികൾ എന്നിവ പാലിച്ചുകൊണ്ട് കേരളത്തിലെ സംരംഭകര നിർമ്മിക്കുന്ന ഉത്പന്നങ്ങളെയും/നൽകുന സേവനങ്ങളെയും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക് പരിചയപ്പെട്ടു ത്തുകയും ഇതിലൂടെ കേരളത്തിലെ വ്യവസായ ങ്ങൾക്ക പൊതുവായി ഒരു സ്വത്വ സൃഷ്ടിച്ചെടുക്കുകയുമാണ് കേരള ബ്രാൻഡ കൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മ ധാർമ്മികത, ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയു സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ ആഗോള വിപണിയുടെ സാധ്യതകള പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. |
| (ബി) | ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ബ്രാൻഡിംഗ് നൽകുന്നതിന് | (ബി) | എല്ലാ മേഖലയിൽ നിന്നും ഉള്ള ഉത്പന്നങ്ങൾ പാലിക്കേണ്ട പൊതുവായ (ജനറൽ) മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | | ഉണ്ടാവും, അതാതു മേഖലയ്ക്കുള്ള പ്രത്യേക (സെക്ടർ സ്പെസിഫിക്) മാനദണ്ഡങ്ങൾ ഉണ്ടാവും. അത് കൂടാതെ ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വ വ്യവസായം എന്നിവ ഉറപ്പാക്കുന്ന ഒരു ചെക്ക് ലിസ്റ്റ് ഉണ്ടാവും. കേരള ബ്രാൻഡിന് കീഴിൽ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം.<br><br>ഏതൊരു വകുപ്പിനും/ഏജൻസിക്കും ആ വകുപ്പിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പ്(കൾ) നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങൾ/ സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡ ങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക്തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതാത് ഉൽപ്പന്നത്തിന്/ സേവനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. |
| (സി) | മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | • ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ അവരുടെ ഉൽപ്പന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ കഴിയും.<br>• ഉയർന്ന നിലവാരമുള്ള സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സാമ്പത്തിക സഹായം, അത് കയറ്റുമതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സഹായിക്കും.<br>• അന്താരാഷ്ട്ര വ്യാപാര മേളകളിലും മാർക്കറ്റിംഗ് എക്സ്പോകളിലും പ്രദർശിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കാവുന്ന ഉൽപ്പന്നങ്ങളുടെ/സേവനങ്ങളുടെ പട്ടിക യിൽ പരിഗണിക്കപ്പെടും. |

സെക്ഷൻ ഓഫീസർ